# സമഗ്രശിക്ഷാ കേരളം

**ആത്യന്തിക വിലയിരുത്തൽ - I 2026 – 2027**

# സാമൂഹ്യശാസ്ത്രം

ക്ലാസ് : VIII

സമയം : $1^1/_2$ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ഓരോ വിഭാഗത്തിലും ചോയിസ് ഉള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുമാത്രം ഉത്തരമെഴുതിയാൽ മതി.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- സ്കോർ, സമയം എന്നിവ പരിഗണിച്ച് ഉത്തരമെഴുതണം.

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

**1 സ്കോർ വീതം. (4 X 1 = 4)**

1. ചുവടെ നൽകിയിരിക്കുന്നവയിൽ സന്തോഷദായക ആവശ്യങ്ങളിൽ ഉൾപ്പെടുന്നത് ഏത്?

   A) പാർപ്പിടം
   B) ആഡംബര കാറുകൾ
   C) വസ്ത്രം
   D) ഭക്ഷണം

2. തന്നിരിക്കുന്ന പ്രസ്താവനയിൽ നിന്നും ഡച്ചുകാരുമായി ബന്ധപ്പെട്ടത് കണ്ടെത്തുക.

   A) കടൽമാർഗം ഇന്ത്യയിൽ എത്തിച്ചേർന്ന ആദ്യ യൂറോപ്യർ
   B) സൈനിക സഹായ വ്യവസ്ഥ നടപ്പിലാക്കി
   C) 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു
   D) കർണ്ണാട്ടിക് യുദ്ധത്തിൽ ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടി

3. പ്രസ്താവനകൾ വിശകലനം ചെയ്ത് ചുവടെ നൽകിയിട്ടുള്ളവയിൽ നിന്നും ശരിയായത് തിരഞ്ഞെടുക്കുക.

   പ്രസ്താവന I — സെപ്റ്റംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഉത്തരധ്രുവപ്രദേശങ്ങളിൽ 6 മാസക്കാലം തുടർച്ചയായി ഇരുട്ടായിരിക്കും.

   പ്രസ്താവന II — സെപ്റ്റംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരാർധഗോളത്തിലായിരിക്കും.

   A) പ്രസ്താവന I ഉം II ഉം ശരി B) പ്രസ്താവന I ഉം II ഉം തെറ്റ്
   C) പ്രസ്താവന I ശരി II തെറ്റ് D) പ്രസ്താവന I തെറ്റ് II ശരി

4. പട്ടിക ക്രമപ്പെടുത്തി ശരിയായത് തിരഞ്ഞെടുക്കുക.

| സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ | സ്ഥാപകർ |
|---|---|
| a. അലിഗഡ്പ്രസ്ഥാനം | i രാജാ റാംമോഹൻ റോയ് |
| b. ബ്രഹ്മസമാജം | ii. ഇ.വി. രാമസ്വാമി നായ്ക്കർ |
| c. തിയോസഫിക്കൽ സൊസൈറ്റി | iii. സർ സയ്യിദ് അഹ്മ്മദ് ഖാൻ |
| d. സ്വാഭിമാനപ്രസ്ഥാനം | iv. മാഡം ബ്ലാവിട്സ്കി |

   A) a- iv, b-ii, c-iii, d-i B) a -i, b- iv, c - ii, d-iii
   C) a -iii, b -i, c-iv, d-ii D) a-ii, b-iii, c-iv, d-i


**5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 X 2 = 6)**

5. (A) മൂലധനതീവ്ര സാങ്കേതികരീതിയുടെ രണ്ടു പ്രത്യേകതകൾ എഴുതുക.

**അല്ലെങ്കിൽ**

(B) ഉൽപാദന ഘടകങ്ങളും അവയുടെ പ്രതിഫലവും പട്ടികപ്പെടുത്തുക.

6. ഗ്രീനിച്ച് മെറിഡിയനിൽ ($0^0$ രേഖാംശം) രാവിലെ 7.00 മണി ആയിരിക്കുമ്പോൾ $60^0$ കിഴക്കും $60^0$ പടിഞ്ഞാറും രേഖാംശരേഖകളിലെ സമയം എത്രയായിരിക്കും? A, B കോളങ്ങൾ പൂർത്തിയാക്കുക.





7. ഇന്ത്യൻ ദേശീയത വളർത്തുന്നതിൽ പത്രങ്ങൾ നിർണ്ണായക പങ്ക് വഹിച്ചു. പ്രസ്താവന വിലയിരുത്തുക.

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 X 3 = 12)**

8. സാധനങ്ങളുടേയും സേവനങ്ങളുടേയും ഉൽപാദനപ്രക്രിയയുമായി ബന്ധപ്പെട്ട് രാജ്യം അഭിമുഖീകരിക്കുന്ന അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങൾ ഏതെല്ലാം?

9. 1857 ലെ കലാപത്തിന്റെ പരിമിതികൾ എന്തെല്ലാം?

10. (A) ഭൂപടം നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) ഭൂപടത്തിൽ A എന്ന് രേഖപ്പെടുത്തിയിട്ടുള്ള രേഖാംശരേഖ ഏത്?

(b) ഈ രേഖാംശരേഖയുടെ പ്രാധാന്യം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) അന്താരാഷ്ട്ര സമയനിർണ്ണയത്തിൽ ഗ്രീനിച്ച് രേഖയുടെ പ്രാധാന്യം വിശദമാക്കുക.

11. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഗതാഗതവാർത്താവിനിമയ സൗകര്യങ്ങൾ ഇന്ത്യൻ ദേശീയതയെ ശക്തിപ്പെടുത്തിയതെങ്ങനെ? വിശദമാക്കുക.

**12, 13 ചോദ്യങ്ങൾക്ക് നാലോ അതിൽ കൂടുതലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം. (2 X4 = 8)**

12. (A) ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരെ ഇന്ത്യയിൽ നടന്ന ഏറ്റവും പ്രധാനപ്പെട്ട കാർഷിക കലാപമായിരുന്നു ബംഗാളിലെ നീലം കർഷക കലാപം. ഈ കലാപത്തിന്റെ കാരണങ്ങൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

(B) പോർച്ചുഗീസുകാരുടെ വരവ് ഇന്ത്യയിൽ വ്യത്യസ്ത മേഖലകളിൽ ചെലുത്തിയ സ്വാധീനം വിശദമാക്കുക.

13. മിതവാദികളുടേയും തീവ്രദേശീയവാദികളുടേയും പ്രവർത്തനങ്ങൾ തികച്ചും വിഭിന്ന മായിരുന്നു. പ്രസ്താവന സാധൂകരിക്കുക.

**14, 15 ചോദ്യങ്ങൾക്ക് വിശദീകരിച്ച് ഉത്തരമെഴുതണം. 5 സ്കോർ വീതം (2 X 5 = 10)**

14. (A) ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ നികുതി നയങ്ങൾ വിവരിക്കുക.

**അല്ലെങ്കിൽ**

(B) സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിലുള്ള രാജാ റാംമോഹൻ റോയിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.

15. ഗ്രീഷ്മ അയനാന്തദിനവും ശൈത്യ അയനാന്തദിനവും താരതമ്യം ചെയ്യുക.